പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4086 | 12.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോ സൂപ്പർമാർക്കറ്റിലെ സ്റ്റോക്കിൽ കുറവുണ്ടായ സാഹചര്യം

ചോദ്യം

ശ്രീ.റോജി എം. ജോൺ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കിഴക്കേക്കോട്ടയിലുള്ള സപ്ലൈകോ സൂപ്പർമാർക്കറ്റിൽ സ്റ്റോക്ക് റീകൺസിലിയേഷൻ നടത്തിയപ്പോൾ സ്റ്റോക്കിൽ കുറവുണ്ടായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരുന്നോ; | (എ) | ഉണ്ട്. |
| (ബി)<br><br>സി) | എത്ര കോടി രൂപയുടെ സാധനങ്ങളാണ് കുറവുണ്ടായത്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br><br>സ്റ്റോക്കിൽ കുറവുണ്ടാകാൻ കാരണമായവർക്കെതിരെ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കേസ് ചാർജ്ജ് ചെയ്യാത്തതിനുള്ള കാരണം വിശദമാക്കുമോ ? | (ബി) യും (സി )യും | തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഫോർട്ട് സൂപ്പർ മാർക്കറ്റിൽ ചാർജ് കൈമാറ്റത്തോടനുബന്ധിച്ച് നടത്തിയ സ്റ്റോക്കെടുപ്പിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സപ്ലൈകോ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആകെ 9,46,966.29 (ഒമ്പതു ലക്ഷത്തി നാല്പത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്താറു രൂപയും ഇരുപത്തൊമ്പതു പൈസയും) രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിലെ ജീവനക്കാരിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം, തിരുവനന്തപുരം ജില്ലയിൽ തന്നെ ഉടരേണ്ടതായ ഒരാളൊഴികെ, മറ്റു ജീവനക്കാരെ മേഖല മാറ്റി നിയമിയ്ക്കുകയും അന്വേഷണത്തിന് വിഘാതമുണ്ടാകാതിരിക്കാൻ രണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം വിശദമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ